പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5099 27.07.2015-ൽ മറുപടിയ്ക്ക്

## വാളകം സി.എസ്.ഐ ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കുള്ള ഭക്ഷണവിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വാളകം സി.എസ്.ഐ ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത് ആർക്കാണ്; | (എ) | ഭക്ഷണത്തിനായുള്ള സാധനങ്ങൾ വാങ്ങാനായി കരാറിലേർപ്പെടു ന്നതും സാധനങ്ങൾ വാങ്ങുന്നതുമെല്ലാം സ്കൂൾ അധികൃതർ നേരിട്ടാണ് ചെയ്യുന്നത്. |
| (ബി) | ഭക്ഷണ വിതരണത്തിനായി സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ എത്ര തുക കുടിശ്ശിക ആയി നൽകാനുണ്ട്; വ്യക്തമാക്കാമോ; | (ബി) | സ്കൂൾ അധികൃതർ നൽകിയ കണക്കനുസരിച്ച് താഴെപ്പറയുന്ന തുക കുടിശ്ശികയായുണ്ട്.<br>2013-14 - ₹11,19,056.00/-<br>2014-15 - ₹12,93,311.00/-<br>------------------------<br>ആകെ- ₹24,12,367.00/-<br>(ഇരുപത്തിനാല് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) |

| | | | |
|---|---|---|---|
| (സി) | കുടിശ്ശിക തുക നൽകാത്തതിനാൽ കുട്ടികൾക്ക് ഭക്ഷണത്തിനുള്ള സാധന സാമഗ്രികളുടെ വിതരണം നിലയ്ക്കുന്ന സാഹചര്യമുണ്ടോ; | (സി) | കുടിശ്ശിക മൂലം സാധനങ്ങൾ നൽകാൻ കച്ചവടക്കാർ വൈമനസ്യം കാണിക്കുന്നുണ്ട്. എന്നിരുന്നാലും മറ്റു കച്ചവടക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങി മുടക്കമില്ലാതെ ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) | കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ